# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.382      27.09.2011-ലെ മറുപടിക്ക്

<u>ഗ്രാമസഭകളിൽ ജനപങ്കാളിത്ത പദ്ധതി രൂപീകരണം സംബന്ധിച്ച നടപടി</u>

| | <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|---|
| | ശ്രീമതി.പി.അയിഷാ പോറ്റി | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| എ) | വാർഡുതല ഗ്രാമസഭകളിൽ ജനപങ്കാളിത്തം കുറയുന്നതും പദ്ധതി രൂപീകരണത്തിൽ ജനാഭിലാഷം പ്രതിഫലിക്കാത്തതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഗ്രാമസഭാംഗങ്ങൾക്ക് അവബോധം നൽകുന്നതിനായി പ്രത്യേക പരിശീലനപരിപാടികൾ സംഘടിപ്പിക്കുമോ; | ബി) | ഗ്രാമസഭാ അംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ ആരംഭിക്കുന്നതാണ്. |
| സി) | ഗ്രാമസഭാ സംഘാടനം, നടത്തിപ്പ് എന്നിവ സംബന്ധിച്ച മാനദണ്ഡങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ? | സി) | ചുവടെ ചേർത്തിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>1. കൃത്യമായ മുന്നൊരുക്ക പ്രവർത്തനം നടത്തുക.<br>2. ഒരേ സമയം ഒന്നിലധികം ഗ്രാമസഭകൾ കൂടാതിരിക്കുക.<br>3. അജണ്ട മുൻകൂട്ടി നിശ്ചയിക്കുക. ഇനം തിരിച്ചുള്ള അജണ്ട ലിസ്റ്റ് നോട്ടീസിൽ ഉൾപ്പെടുത്തുക |

4. വരവ് - ചെലവ് കണക്കുകൾ, കരട് പ്രോജക്ട് നിർദ്ദേശങ്ങൾ, മുൻഗണനാലിസ്റ്റ് തുടങ്ങിയ രേഖകൾ മുൻകൂട്ടി അച്ചടിച്ച് യോഗത്തിൽ വിതരണം ചെയ്യുന്നതാണ്.

5. ഗ്രാമസഭാ യോഗങ്ങളിൽ പ്രസിഡന്റ്, സെക്രട്ടറി, മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ, ഭരണസമിതി അംഗങ്ങൾ എന്നിവരുടെ പങ്കാളിത്തം നിർബന്ധമായും ഉറപ്പാക്കുന്നതാണ്.

6. ഗ്രാമസഭകൾക്ക് സംഘാടക സമിതി രൂപീകരിച്ച് കാമ്പയിൻ മാതൃകയിൽ ഗ്രാമസഭ സംഘടിപ്പിക്കുന്നതാണ്.

7. അയൽക്കൂട്ട പ്രവർത്തകർ, സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ സാമൂഹിക സംഘടനകളിലെ അംഗങ്ങൾ എന്നിവരെ പ്രചാരണ സംഘടന ചുമതല ഏൽപ്പിക്കുക. അംഗൻവാടി ജീവനക്കാർ എസ്.സി/എസ്.ടി. പ്രൊമോട്ടർമാർ എന്നിവർക്കും സംഘടനാ ചുമതല നൽകുക.

8. ഗ്രാമസഭാ നോട്ടീസ് എല്ലാ കുടുംബങ്ങൾക്കും നൽകിയെന്ന് ഉറപ്പു വരുത്തുക.

9. ഒരു സാമ്പത്തിക വർഷത്തെ ആദ്യ ഗ്രാമസഭയിൽ മുൻവർഷത്തെ എല്ലാ വികസന ക്ഷേമ പ്രവർത്തനങ്ങളും അച്ചടിച്ച് നൽകി ചർച്ച്യ്ത് വിധേയമാക്കുക.

10. സോഷ്യൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക.

11. ഗ്രൂപ്പ് ചർച്ചകൾക്ക് നേതൃത്വം നൽകുവാൻ വർക്കിംഗ് ഗ്രൂപ്പ് ചെയർമാനേയും കൺവീനറേയും സഹായിക്കുന്നതിന് ഫെസിലിറ്റേറ്റർമാരെ നിയോഗിക്കുകയും അവർക്ക് ചുമതല

കൾ നിശ്ചയിച്ച് നൽകുകയും ചെയ്യുക.
12. ഗ്രാമസഭാ തീരുമാനങ്ങൾ രേഖ-
പ്പെടുത്തുന്നതിന് കോ-ഓർഡിനേറ്ററായി
ഒരു ഉദ്യോഗസ്ഥനെ മുൻകൂട്ടി
ന് ശ്ചയിക്കുക.

സെക്ഷൻ ഓഫീസർ